**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1278** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>എറണാകുളം വട്ടുതല ജനകീയ റോഡ് നിവാസികൾക്ക് പട്ടയം നൽകുന്നത്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** എറണാകുളം നിയോജകമണ്ഡലത്തിലെ വട്ടുതല ജനകീയ റോഡ് നിവാസികളിൽ അവശേഷിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

**<u>മറുപടി:</u>** എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്ക്, ചേരാനെല്ലൂർ വില്ലേജ്, സർവ്വെ നം.860, 985 എന്നിവയിൽ പ്പെട്ട 2.0140 ഹെക്ടർ പുഴപുറമ്പോക്ക് ഭൂമി "വട്ടുതല ജനകീയ റോഡ് കോളനിയിൽ" താമസിച്ചു വന്നിരുന്ന 179 കുടുംബങ്ങളിൽ അർഹരായ കൈവശക്കാർക്ക് പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിയ ശേഷം നിബന്ധനകൾക്ക് വിധേയമായി പട്ടയം അനുവദിച്ചു നൽകുന്നതിന് സ.ഉ.(കൈ)124/2018/റവ തീയതി 26/03/2018 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം അർഹരായ 169 കുടുംബങ്ങൾക്ക് ഇതിനകം പട്ടയം അനുവദിച്ചു നൽകിയിട്ടുണ്ട്. ശേഷിക്കുന്ന കുടുംബങ്ങളിൽ 7 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**(ബി)** പ്രസ്തുത ആളുകൾക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്ക്, ചേരാനെല്ലൂർ വില്ലേജ്, സർവ്വെ നം.860, 985 എന്നിവയിൽ പ്പെട്ട 2.0140 ഹെക്ടർ പുഴപുറമ്പോക്ക് ഭൂമി "വട്ടുതല ജനകീയ റോഡ് കോളനിയിൽ" താമസിച്ചു വന്നിരുന്ന 179 കുടുംബങ്ങളിൽ അർഹരായ കൈവശക്കാർക്ക് പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിയ ശേഷം നിബന്ധനകൾക്ക് വിധേയമായി പട്ടയം അനുവദിച്ചു നൽകുന്നതിന് സ.ഉ.(കൈ)124/2018/റവ തീയതി 26/03/2018 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം അർഹരായ 169 കുടുംബങ്ങൾക്ക് ഇതിനകം പട്ടയം അനുവദിച്ചു നൽകിയിട്ടുണ്ട്. ശേഷിക്കുന്ന കുടുംബങ്ങളിൽ 7 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**